# വിശാല കൊച്ചി വികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ 2204261, 2203378 കൊച്ചി – 682 020
Website:- www.gcda.kerala.gov.in. E-mail id:- gcdaonline@gmail.com


"ഭരണഭാഷ - മാതൃഭാഷ"

നം. 2290/എസ്റ്റേറ്റ്/എ.3/2025/ജിസിഡിഎ തീയതി, 13.03.2025

Local Self Government (OS-I) Department
21 MAR 2025
Thiruvananthapuram

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി
വിവര പൊതുജന സമ്പർക്ക വകുപ്പ്,
റൂം നമ്പർ-378, ഒന്നാം നില,
മെയിൻ ബ്ലോക്ക്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം – 695 001.

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ്,
തിരുവനന്തപുരം – 695 001.

സർ,

വിഷയം:- ജിസിഡിഎ – എസ്റ്റേറ്റ് വിഭാഗം – സംസ്ഥാന സർക്കാർ വാർഷിക പരിപാടിക്കായി മറൈൻ ഡ്രൈവ് മൈതാനം അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 11.03.2025 തീയതിയിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസർ എറണാകുളം നൽകിയ 13/25/ഐ.ഒ.ഇ. നമ്പർ കത്ത്.

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക ആഘോഷ പരിപാടിക്കായി മറൈൻ ഡ്രൈവ് മൈതാനം 2025 മെയ് 1 മുതൽ 30 വരെ കരുതലായി നിലനിർത്തുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി കാലയളവിൽ മറൈൻ ഡ്രൈവ് മൈതാനം ചുവടെ ചേർക്കുന്ന സംഘാടകർക്ക് വിവിധ പരിപാടികൾക്കായി വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ ഈടാക്കി വാടകയ്ക്ക് അനുവദിച്ച് ഉത്തരവ് നൽകിയിട്ടുള്ളതായി സമർപ്പിക്കുന്നു.

| ക്രമ നം. | ഏരിയ | അലോട്ടി | പരിപാടി | അടവാക്കിയ തുക | | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
|---|---|---|---|---|---|---|
| | | | മുതൽ - വരെ | വാടക | ജി.എസ്.ടി | |
| 1. | 1½ ഏക്കർ | ശ്രീ. മുബാറക് എം.എ. | 15.03.25-09.05.25 (പരിപാടി 28.03.25-04.05.25) | 18,91,000/- | 3,40,380/- | 2,00,000/- |
| 2. | 3 ഏക്കർ | മലയാളമനോരമ കമ്പനി ലിമിറ്റഡ് | 10.05.25-20.05.25 (പരിപാടി 15.05.25-18.05.25) | 6,40,000/- | 1,15,200/- | 1,25,000/- |
| 3. | ഹെലിപ്പാഡ് | ഓൾ കൈൻഡ് ഓഫ് വെൽഡേഴ്സ് അസ്സോസിയേഷൻ | 08.05.25-13.05.25 (പരിപാടി 11.05.2025) | 1,05,000/- | 18,900/- | 25,000/- |

ബഹു. സർക്കാർ പരിപാടിക്കായി മൈതാനം അനുവദിക്കുന്നതിലേക്കായി മെയ് മാസങ്ങളിലെ അലോട്ട്മെന്റുകൾ (ക്രമ നം. 2,3) ഒഴിവുള്ള മറ്റ് മൈതാനങ്ങളിലേക്ക് മാറ്റുന്നതിന് അലോട്ടികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ-1 ലെ ശ്രീ. മുബാറക് എം.എ. എന്ന അലോട്ടിക്ക് അനുവദിച്ചിട്ടുള്ള ബുക്കിംഗ് ദീർഘകാലയളവിലേക്ക് ഉള്ളതിനാലും ആയതിന്റെ ഒരുക്കങ്ങൾ 15.03.2025 മുതൽ ആരംഭിക്കുന്നതിനുള്ള അലോട്ട്മെന്റ് ഉത്തരവ് നൽകിയിട്ടുള്ളതിനാലും ബഹു. സർക്കാരിന്റെ വാർഷിക പരിപാടിക്കായി 01.05.2025 മുതൽക്ക് മാത്രമാണ് മൈതാനം ആവശ്യമുള്ളത് എന്നതിനാലും 15.03.2025 മുതൽ 30.04.2025 വരെ മൈതാനം ഒഴിച്ചിടേണ്ടി വരുന്നതും ആയത് മൂലം ടി അലോട്ടിക്ക് മുഴുവൻ തുകയും തിരികെ നൽകേണ്ട സാഹചര്യവും ആയത് മൂലം അതോറിറ്റിക്കുണ്ടാകുന്ന വരുമാന നഷ്ടവും കണക്കിലെടുത്ത് ബഹു. സർക്കാരിന്റെ വാർഷിക പരിപാടി 10.05.2025 മുതൽ ക്രമപ്പെടുത്താനാവുന്നതാണോയെന്ന് അറിയിക്കുന്നതിന് അപേക്ഷിച്ചുകൊള്ളുന്നു. ബഹു. സർക്കാർ വാർഷിക പരിപാടിയുടെ ഒരുക്കങ്ങൾക്കായി മൂന്നര ഏക്കറോളം സ്ഥലം 01.05.2025 മുതൽ മൈതാനത്ത് ഒഴിവാക്കി ഇടുന്നതാണെന്നും സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

പകർപ്പ് :- ജില്ലാ ഇൻഫർമേഷൻ ഓഫീസർ
എറണാകുളം.

ഇ-മെയിൽ - **dio.ekm@gmail.com**

RPR-13.03.2025